**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4628 | 26.10.2016 ന് മറുപടിയ്ക്ക്.

**ആങ്ങാമൂഴി ചെക്ക്പോസ്റ്റിലൂടെ ഗവിയിലേയ്ക്ക് വാഹനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ആങ്ങാമൂഴി ചെക്ക്പോസ്റ്റിലൂടെ ഗവിയിലേയ്ക്ക് വിനോദസഞ്ചാരികളുടെ എത്ര വാഹനങ്ങളാണ് ഓരോ ദിവസവും കടത്തി വിടുന്നത്; | **(എ)** പ്രവർത്തി ദിവസങ്ങളിൽ 10 വാഹനങ്ങളും ശനിയാഴ്ചയും മറ്റ് അവധി ദിവസങ്ങളിലും 30 വാഹനങ്ങളുമാണ് ആങ്ങാമൂഴി ചെക്ക് പോസ്റ്റിലൂടെ ഗവിയിലേയ്ക്ക് കടത്തിവിടുന്നത്. |
| (ബി) ഡി.റ്റി.പി.സി.യുടെ, ടൂറിസവുമായി ബന്ധപ്പെട്ട വാഹനങ്ങൾക്കും ഈ എണ്ണം നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡി.റ്റി.പി.സി.യുടെ എത്ര വാഹനങ്ങളാണ് ദിനംപ്രതി കടത്തിവിടാറുള്ളത്; | **(ബി)** ഇല്ല. |
| (സി) ഇത്തരത്തിൽ വാഹന നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതിന് കാരണം വ്യക്തമാക്കാമോ; | **(സി)** പെരിയാർ ടൈഗർ റിസർവ്വിന്റെ പരിധിയിലുള്ള സംരക്ഷിത വനപ്രദേശമായതിനാൽ സന്ദർശകരുടെ ബാഹുല്യം നിയന്ത്രിക്കുന്നതിനും പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതെ സംരക്ഷിക്കുന്നതിനു വേണ്ടിയുമാണ് വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) ദിവസേന രാവിലെ എത്ര മണി മുതലാണ് ആങ്ങാമൂഴിയിൽ നിന്നും വിനോദസഞ്ചാരികളുടെ വാഹനങ്ങൾ വിടുന്നത്; തിരികെ എത്താനുള്ള സമയം നിഷ്കർഷിച്ചിട്ടുണ്ടോ; | **(ഡി)** പകൽ 9 മണി മുതലാണ് ആങ്ങാമൂഴിയിൽ നിന്നും വിനോദസഞ്ചാരികളുടെ വാഹനങ്ങൾ ഗവിയിലേയ്ക്ക് വിടുന്നത്. ഈ റൂട്ടിൽ തിരിച്ച് വിനോദസഞ്ചാരികളുടെ യാത്ര അനുവദിച്ചിട്ടില്ല. |
| (ഇ) വിനോദസഞ്ചാരികളുടെ വരവ് വർദ്ധിച്ച സാഹചര്യത്തിൽ നിലവിലുള്ളത് കൂടാതെ അധികമായി 10 വാഹനങ്ങൾക്കുകൂടി പോകാനുള്ള അനുമതി നൽകാൻ നീക്കം നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | **(ഇ)** കൂടുതൽ വാഹനങ്ങൾക്ക് അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ